നമ്പർ H3-12308/15

സാമൂഹ്യ നീതിഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി : 12-08-2015

## സർക്കുലർ

വിഷയം :- സാമൂഹ്യ നീതി വകുപ്പ് - മാനസ്സിക വെല്ലുവിളി നേരിടുന്നവരെ സ്വന്തം ഭവനത്തിൽ സംരക്ഷിക്കുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതി -

സൂചന :- സ.ഉ(Rt)No.385/2015/സാ.നീ.വ.തീയതി 19-06-2015

മാനസ്സിക വെല്ലുവിളി നേരിടുന്നവർ പലപ്പോഴും കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും ഒറ്റപ്പെടുന്ന അവസ്ഥയാണ് കാണുവാൻ കഴിയുന്നത്. അത്തരക്കാർക്ക് സ്വന്തമായി വരുമാന മാർഗ്ഗങ്ങളില്ലാത്തതിനാലും ആരോഗ്യപരമായി അവശതയനുഭവിക്കുന്നതിനാലും അവരെ സംരക്ഷിക്കേണ്ടത് സമൂഹത്തിന്റെ കടമയാണ്. ആയതിലേയ്ക്കായി സാമൂഹ്യനീതി വകുപ്പ് ഒരു നൂതന പദ്ധതി 2015-16 വർഷത്തിൽ നടപ്പിലാക്കുകയാണ്.

പ്രസ്തുത പദ്ധതി പ്രകാരം ഏതെങ്കിലും അംഗീകത കെയർ ഹോമിൽ കുറഞ്ഞതു 6 മാസമെങ്കിലും താമസിച്ചിട്ടുള്ള മാനസിക വെല്ലുവിളി നേരിടുന്നവരെ സ്വന്തം ഭവനത്തിൽ സംരക്ഷിക്കുന്നതിനും അവർക്കാവശ്യമായ ആഹാരം, വസ്ത്രം, മരുന്ന് എന്നിവ ലഭ്യമാക്കുന്നതിനുമായി പ്രാരംഭമായി Rs.750/-രൂപ ആദ്യമാസത്തിൽ അനുവദിക്കാനും പ്രസ്തുത പദ്ധതിയുടെ പുരോഗതി വിലയിരുത്തി സർക്കാരിൻ നിന്നുള്ള തുടർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി വ്യപിപ്പിക്കുന്നതാണ്.

ഇതിനായി നിർദ്ദിഷ്ട പെർഫോർമയിൽ അപേക്ഷ ഗുണഭോക്താവിനു വേണ്ടി ടിയാന്റെ സംരക്ഷകൻ അതാത് ശിശുവികസനപദ്ധതി ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതുമാണ്. ശിശുവികസന പദ്ധതി ഓഫീസർമാർ അന്വേഷണം നടത്തി മാനസ്സിക വെല്ലുവളി നേരിടുന്ന രോഗി ഏതെങ്കിലും അംഗീകൃത കെയർ ഹോമിൽ 6 മാസമെങ്കിലും താമസിച്ചിട്ടുള്ളതായി ശിശുവികസന പദ്ധതി ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതും പ്രസ്തുത റിപ്പോർട്ട് സഹിതം ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് ശുപാർശ ചെയ്യേണ്ടതും ഫണ്ടിനായി സാമൂഹ്യ നീതി ഡയറക്ടറുടെ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ധന സഹായ തുക ബന്ധപ്പെട്ട അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്.

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

# അപേക്ഷ ഫോറം

| | | | |
|---|---|---|---|
| 1. | ഗുണഭോക്താവിന്റെ പേരും മേൽ വിലാസവും | : | |
| 2. | സംരക്ഷകന്റെ പേര് (ഗുണഭോക്താവുമായുള്ള ബന്ധം) | : | |
| 3. | ഗുണഭോക്താവിന്റെ വയസ്സ്, ആൺ/പെൺ | : | |
| 4. | സംരക്ഷകന്റെ മേൽ വിലാസം | : | |
| 5. | ബാങ്കിന്റെ പേര്, അക്കൗണ്ട് നം. (ISF കോഡ് ഉൾപ്പെടെ) | : | |
| 6. | ഗുണഭോക്താവിന്റെ വാർഷിക വരുമാനം | : | |
| 7. | ഗൂണഭോക്താവ് താമസിക്കുന്ന പഞ്ചായത്തും/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ ICDS പ്രോജക്ടും | : | |
| 8. | ഗുണഭോക്താവ് സംരക്ഷകന്റെ കുടുംബാംഗമാണോ ? | : | |
| 9. | ഗുണഭോക്താവ് സംരക്ഷകന്റെ കുടുംബാംഗമല്ലെങ്കിൽ ടിയാന്റെ മേൽവിലാസം | : | |
| 10. | ഗുണഭോക്താവ് നിലവിൽ ഗവ. ഡോക്ടറുടെ ചികിൽസയിലാണോ | : | |
| 11. | നിലവിൽ ഗുണഭോക്താവ് സംരക്ഷകന്റെ ഭവനത്തിലാണോ താമസിക്കുന്നത് | : | |

## സാക്ഷ്യപത്രം

. . . . . . . . . . . . . . . . . . എന്ന വ്യക്തി എന്റെ കുടുംബത്തിലെ/കുടുംബത്തിലെ അംഗമല്ലാത്ത മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തിയും നിലവിൽ ഗവ. ഡോക്ടറുടെ ചികിൽസയിലാണെന്നും ടിയാൻ തികച്ചും എന്റെയും എന്റെ കുടുംബത്തിന്റെയും സംരക്ഷണയിലാണെന്നും ലഭ്യമാകുന്ന സർക്കാർ ആനുകൂല്യങ്ങൾ ടിയാന്റെ സംരക്ഷണത്തിനും അടിസ്ഥാന ആവശ്യങ്ങൾക്കായി വിനിയോഗിക്കുമെന്നും ഈ പദ്ധതി പ്രകാരം ലഭ്യമാകുന്ന തുക . . . . . . . . . . . . . . ന്റെ പ്രതിദിന ആവശ്യങ്ങൾക്കായി വിനിയോഗിച്ചിട്ടില്ലായെന്ന സാഹചര്യത്തിൽ ടി തുക മുഴുവനായും തിരിച്ചടച്ചുകൊള്ളാമെന്നും ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തി കൊള്ളുന്നു.

അപേക്ഷകന്റെ ഒപ്പ്

## CDPO യുടെ അന്വേഷണ റിപ്പോർട്ട്

. . . . . . . . . . . . . . . (ഗുണഭോക്താവ്) എന്ന വ്യക്തി . . . . . . . . . . . . (സംരക്ഷകൻ) എന്നയാളുടെ പൂർണ്ണ സംരക്ഷണത്തിലും പരിചരണത്തിലുമാണെന്നും . . . . . . . . . . . . . (ഗുണഭോക്താവ്) നിലവിൽ മാനസിക വെല്ലുവിളി നേരിടുന്നയാളും ഒരു അംഗീകൃത കെയർഹോമിൽ 6 മാസമെങ്കിലും താമസിച്ചിട്ടുള്ള വ്യക്തിയുമായ . . . . . . . . . . . . . .. . . . . . . . . .(ഗുണഭോക്താവ്) . . . . . . . . . . . . . . . . . (സംരക്ഷകൻ) എന്ന വ്യക്തിയുടെ ഭവനത്തിൽ താമസിക്കുന്നതും ടി കുടുംബാംഗം/ കുടുംബാംഗമല്ലാത്തതുമാണെന്നും അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ . . . . . . . . . . . . . . . . . . . എന്ന ഗുണഭോക്താവിന് സാമ്പത്തിക ആനുകൂല്യം അനുവദിക്കാവുന്നതാണ്.

ശിശു വികസന പദ്ധതി ഓഫീസർ

. . . . . . . . . . . . . . . . . .

PS/